# ഏങ്ങണ്ടിയൂർ  സി ഡി  എസ്  : കോവിഡ്പ്രവർത്തന റിപ്പോർട്ട്

തൃശൂർ ജില്ലയിലെ തളിക്കുളം ബ്ളോക്കിലാണ് ഏങ്ങണ്ടിയൂർ  സി ഡി എസ്  പ്രവർത്തിക്കുന്നത് . 16 എ ഡി എസ് കളിലായി  199 അയൽക്കൂട്ടങ്ങളും 3109 അയൽക്കൂട്ട അംഗങ്ങളും അടങ്ങിയതാണ് ഏങ്ങണ്ടിയൂർ സി ഡി എ സ്  . എല്ലാ മേഖലയിലും മികച്ച   പ്രവർത്തനങ്ങൾ നടത്തിയിരുന്ന സി ഡി എ സ് ഈ COVID കാലത്തും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയത് .

ഏങ്ങണ്ടിയൂർ  സി ഡി എ സിന്റെ കീഴിൽ എല്ലാ അയൽക്കൂട്ട അംഗങ്ങളെയും സി ഡി എ സ്  ഭാരവാഹികളെയും ഉൾപ്പെടുത്തി വാട്സ്ആപ് ഗ്രൂപ്പുകൾ പ്രവർത്തിച്ചിരുന്നു. കുടുംബശ്രീ മിഷന്റെ നിർദേശ പ്രകാരം എല്ലാ  എ ഡി എസ് അംഗങ്ങളെയും ഉൾപ്പെടുത്തി സിഡ്സ് തലത്തിലും എല്ലാ അയൽക്കൂട്ട അംഗങ്ങളെയും ഉൾപ്പെടുത്തി എ ഡി ആസ് തലത്തിലും വാട്സാപ്പ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ സജ്ജീവമാക്കി . അതിനാൽ ലോക്ക് ഡൌൺ കാലത്തു ഗവണ്മെന്റ് നിർദ്ദേശ്ശങ്ങളും , കുടുംബശ്രീ പ്രവർത്തനങ്ങളും വളരെ പെട്ടെന്ന് തന്നെ താഴെ തട്ടിൽ എത്തിക്കാൻ സാധിച്ചു. കൂടാതെ ലോക്ക് ഡൌൺ കാലത്ത് അയൽക്കൂട്ട അംഗങ്ങളുടെ കലാപരമായ കഴിവുകൾ വാട്സാപ്പ് ഗ്രൂപ്പ് വഴി പ്രകടിപ്പിക്കുവാൻ സാധിച്ചു.

ലോക്ക് ഡൌൺ കാലത്തു എടുത്ത് പറയാൻ പറ്റിയ പ്രവർത്തനങ്ങളിൽ ഒന്നാണ് കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം



ലോക്ക് ഡൌൺ  ആരംഭിച്ചതുമുതൽ   പഞ്ചായത്തുമായി സഹകരിച്ചു സി ഡി എസ് ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ 5 പേര് ചേർന്ന്  കമ്മ്യൂണിറ്റി  കിച്ചൻ പ്രവർത്തനം ആരംഭിച്ചു.27/3 /൨൦൨൦ നു ആരംഭിച്ച കിച്ചന്റെ പ്രവർത്തനം ൩൦/൪/൨൦൨൦ വരെ വളരെ

നല്ല രീതിയിൽ തുടർന്ന് . അതിഥി തൊഴിലാളികൾക്കും , ഒറ്റപെട്ടു കഴിയുന്നവർക്കുമായി ഒരു ദിവസം ഏകദേശം 300 ഭക്ഷണ പൊതികൾ വീതം നൽകി .ഒട്ടുമിക്ക എല്ലാ അയൽക്കൂട്ട അംഗങ്ങളും , ജെ എൽ ജി ഗ്രൂപ്പുകളും അരി , പച്ചക്കറി , പല വ്യഞ്ജനങ്ങൾ തുടങ്ങി അവരാൽ കഴിയുന്ന തരത്തിലുള്ള സംഭാവനകളും സഹായങ്ങളും നൽകി .



ബ്രേക്ക് ദി ചെയിൻ കാമ്പയിനിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ സാനിറ്റൈസറും കൈകഴുകുന്നതിനുള്ള സംവിധാനവും സ്ഥാപിച്ചു .അയൽക്കൂട്ടങ്ങൾ , ഓട്ടോറിക്ഷ തൊഴിലാളികൾ എന്നിവർക്ക് സി ഡി എസിന്റെ നേതൃത്വത്തിൽ മാസ്കുകൾ നിർമ്മിച്ച് നൽകി . ഹെൽത്ത് ഡിപ്പാർട്മെൻറ്മായി ചേർന്നുകൊണ്ട് അയൽക്കൂട്ട അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തി . ഓർഡർ പ്രകാരം കുറഞ്ഞ നിരക്കിൽ വിവിധ സ്ഥാപനങ്ങൾക്കും, ഡിപ്പാർട്മെന്റ്കൾക്കും മാസ്ക്കുകൾ നിർമ്മിച്ച് നൽകി . ഹെൽത്ത് ഡിപ്പാർട്മെൻറ്മായി ചേർന്നുകൊണ്ട് അയൽക്കൂട്ട അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തി .

covid 19 ന്റെ സാഹചര്യത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച സഹായഹസ്തം ലോണിന് 161 അയൽക്കൂട്ടങ്ങൾക്കായി 1977 അംഗങ്ങൾ അപേക്ഷ സമർപ്പിച്ചു .ഇവരുടെ 11800000 രൂപയുടെ അപേക്ഷകൾ എല്ലാം തന്നെ സി ഡി എസ് മുഖാന്തിരം ബാങ്കിൽ സമർപ്പിച്ചു . ഇതിൽ 45 % ലോൺ ബാങ്ക് പാസ്സാക്കി. ബാക്കി പാസ്സാക്കുന്നതിനുള്ള നടപടികൾ

ബാങ്കുമായി ബന്ധപ്പെട്ട നടത്തിവരുന്നു .




ഏങ്ങണ്ടിയൂർ സി ഡി എ സിലെ ഒരു അയൽക്കൂട്ടത്തിൽ നിന്നും 2 പേർ വീതം സന്നദ്ധസേനയിൽ രെജിസ്ട്രേഷൻ നടത്തി . വാർഡ് തലത്തിൽ അവരുടെതായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

60 വയസിനു മുകളിൽ പ്രായമുള്ളവരുടെയും ആശ്രയ അംഗങ്ങളുടെയും ലിസ്റ്റ് എടുത്ത് സി ഡി എസിൽ ഒരാൾക്ക് ചാർജ് നൽകി അവരെ വിളിച്ചു അവർക്ക് വേണ്ട മാനസിക പിന്തുണ നൽകുകയും അവർക്ക് ഏതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾ ഉണ്ടെങ്കിൽ അത് നിറവേറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു .വയോജന അയൽക്കൂട്ട അംഗങ്ങൾക്ക് വേണ്ടി അവരുടെ മാനസിക ഉല്ലാസം ലക്ഷ്യമിട്ടു കൊണ്ട് തൃശൂർ ജില്ലാ മിഷൻ നടത്തിയ ഇന്നലകളിലേക്കൊരു യാത്ര എന്ന കാമ്പയിനിൽ ഒട്ടു മിക്ക വയോജന അംഗങ്ങളെയും പങ്കെടുപ്പിക്കുവാൻ സാധിച്ചു .ആശ്രയ കുടുംബങ്ങൾക്ക് അവരുടെ ഭക്ഷ്യ കിറ്റ് അവരവരുടെ വീടുകളിലേക്ക് എത്തിച്ചു നൽകി . ആശ്രയ ഗുണഭോക്താക്കളുടെ മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി ഗുണഭോക്താക്കളെ വാഹന സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് എത്തിക്കാൻ സാധിച്ചു .

ബാലസഭാ കുട്ടികളുടെ കലാപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അവരുടെ കലാസൃഷ്ട്ടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് വാർഡ് തലത്തിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി. കൂടാതെ ബാലസഭയുടെ നേതൃത്വത്തിൽ ഔഷധ കൃഷി തോട്ടങ്ങളും നിർമ്മിച്ചു. ജില്ലാ മിഷൻ ഏർപ്പെടുത്തിയ ഓൺലൈൻ

മത്സാരാമായ ഒരു ലോക്ക് ഡൌൺ കാലത്തു എന്ന പരിപാടിയിൽ മിക്ക ബാലസഭാ അംഗങ്ങളും പങ്കെടുത്തു.

അയൽക്കൂട്ട അംഗങ്ങൾക്കായി നടത്തിയ പാചക മത്സരത്തിൽ വളരെ സജ്ജീവമായി പങ്കെടുത്തു . കുടുംബശ്രീ ജില്ലാ മിഷൻ നടത്തിയ മാസ് ആണ് മാസ്ക് എന്ന മൽ സരത്തിന്റെ ഭാഗമാകുവാൻ അയൽക്കൂട്ട അംഗങ്ങൾക്ക് സാധിച്ചു. സംഘകൃഷി ഗ്രൂപ്പുകൾ പാളകൊണ്ടുള്ള grow bag , മുട്ട തോടിൽ വിത്ത് മുളപ്പിക്കൽ ,മൈക്രോ ഗ്രീൻ തുടങ്ങിയ കൃഷി രീതികൾ അവരുടെ കൃഷിയിടങ്ങളിൽ പരീക്ഷിച്ചു വിജയിപ്പിച്ചു . തീരദേശ സി ഡി എസ് ആയതിനാൽ ആ മേഖലയിലെ അയൽക്കൂട്ടങ്ങൾ ഇലശ്രീ പദ്ധതിയുടെ ഭാഗമായി ചീര കൃഷി നടത്തി.

Covid 19 തുടരുന്ന സാഹചര്യത്തിൽ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സംഘടനാ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും .

Chairperson : Maharunnissa  Shamsu

Phone No:  9947505882

Block Co-ordinator : Deepa . T.S

Phone No:  9544535640